ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആഗോളതലത്തിൽ മത്സരിക്കാൻ, രാജ്യത്തെ വിദ്യാർത്ഥികളെ സജ്ജരാക്കുകയാണ് പുതിയ വിദ്യാഭ്യാസ നയത്തിന്റെ ലക്ഷ്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah says that the aim of the new education policy is to prepare the country's students to compete globally.that India's air transport service has come third globally.**

2. ഇന്ത്യയുടെ വ്യോമഗതാഗത സേവനം ആഗോളതലത്തിൽ മൂന്നാമതെത്തിയതായി കേന്ദ്ര വ്യോമയാന സഹമന്ത്രി മുരളീധർ മൊഹോൾ.

   **Union Minister of State for Civil Aviation, Muralidhar Mohol, says that India's air transport service has come third globally.**

3. ഇ-ഫാസ്റ്റ് ഇന്ത്യ പദ്ധതിയുടെ ഭാഗമായി 'നിതി GEAR SHIFT ചലഞ്ച്' ന് തുടക്കം കുറിച്ച് നിതി ആയോഗ്; സീറോ-എമിഷൻ ട്രക്കുകൾ പ്രോത്സാഹിപ്പിക്കുക ലക്ഷ്യം.

   **Niti Aayog has announced the launch of 'Niti GEAR SHIFT Challenge' as part of the E-Fast India project.**

4. മത്സ്യബന്ധന മേഖലയിലെ വികസനത്തിന് സംസ്ഥാന സർക്കാരുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കുമെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ.

   **Union Minister of State for Fisheries George Kurien says that projects will be implemented in collaboration with the state government for the development of the fisheries sector.**

5. കേരളത്തിൽ കാലവർഷം വീണ്ടും ശക്തി പ്രാപിക്കുന്നു. ശക്തമായ മഴയ്ക്ക് സാധ്യതയുള്ള മലപ്പുറം, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ നാളെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

**Monsoon is gaining strength again in Kerala. A holiday for educational institutions tomorrow in Malappuram, Kannur, Kozhikode, Thrissur and Kasargod districts where there is a risk of heavy rain.**

6. ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ സിംബാബ്‌വയ്ക്ക് 168 റൺ വിജയലക്ഷ്യം ; കോപ്പാ അമേരിക്കാ ഫുട്ബോൾ ഫൈനൽ മത്സരം നാളെ പുലർച്ചെ 5.30 ന്..

**Zimbabwe set a target of 168 runs against India in the final match of the Twenty 20 cricket series; Copa America football final tomorrow at 5.30 am.**

**&&&&&&&&&&&&&&&**

## HEADLINE-1
## MP-SHAH COLLAGE

ആഗോളതലത്തിൽ മത്സരിക്കാൻ, രാജ്യത്തെ വിദ്യാർത്ഥികളെ സജ്ജരാക്കുകയും അവരെ നമ്മുടെ സമ്പന്നമായ സാംസ്കാരിക പൈതൃകവും ഭാഷകളുമായി വീണ്ടും ബന്ധിപ്പിക്കുകയുമാണ് പുതിയ വിദ്യാഭ്യാസ നയത്തിൻ്റെ ലക്ഷ്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മധ്യപ്രദേശിലെ 55 ജില്ലകളിലും പ്രധാനമന്ത്രി കോളേജ് ഓഫ് എക്സലൻസ് സംരംഭം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ പദ്ധതിയിലൂടെ, വിദ്യാർത്ഥികൾക്ക് മികച്ചതും ഉയർന്ന നിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് സർക്കാറിന്റെ ലക്ഷ്യമെന്നും ആഭ്യന്തര മന്ത്രി കൂട്ടിച്ചേർത്തു. പുതിയ വിദ്യാഭ്യാസ നയം ആദ്യമായി നടപ്പിലാക്കിയതിനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഹിന്ദിയിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് പഠനം ആരംഭിച്ചതിനും

മധ്യപ്രദേശ് സർക്കാരിനെ ശ്രീ ഷാ അഭിനന്ദിച്ചു. പരിപാടിയിൽ മധ്യപ്രദേശ് മുഖ്യമന്ത്രി. മോഹൻ യാദവും പങ്കെടുത്തു.

************************************************

## HEADLINE-2
## PUNE AIRPORT

ആഗോളതലത്തിൽ ഇന്ത്യയുടെ വ്യോമഗതാഗത സേവനം മൂന്നാമതെത്തിയതായി കേന്ദ്ര വ്യോമയാന സഹമന്ത്രി മുരളീധർ മൊഹോൾ. കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യം വ്യോമയാന മേഖലയിൽ വൻ പുരോഗതി കൈവരിച്ചതായി മന്ത്രി വ്യക്തമാക്കി. പൂനെയിലെ ലോഹ്ഗാവ് വിമാനത്താവളത്തിൽ പുതുതായി നിർമിച്ച ടെർമിനൽ യാത്രക്കാർക്കായി തുറന്നുകൊടുത്ത ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യത്ത് 469 പുതിയ എയർ റൂട്ടുകൾ തുറന്നിട്ടുണ്ടെന്നും ഡൽഹി, ബാംഗ്ലൂർ, അയോധ്യ തുടങ്ങിയ വിമാനത്താവളങ്ങളിൽ പുതിയ ടെർമിനലുകൾ നിർമ്മിച്ചിട്ടുണ്ടെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. രാജ്യത്തുടനീളം 20 മുതൽ 25 വരെ പുതിയ വിമാനത്താവളങ്ങൾ ഉടൻ നിർമിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മാർച്ച് 10 ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പൂനെ വിമാനത്താവളത്തിലെ പുതിയ ടെർമിനൽ ഔപചാരികമായി ഉദ്ഘാടനം ചെയ്തത്.

************************************************

## HEADLINE-3
## NITI AAYOG

E-FAST ഇന്ത്യ പദ്ധതിയുടെ ഭാഗമായി 'നിതി GEAR SHIFT ചലഞ്ച്' ന് തുടക്കം കുറിച്ച് നിതി ആയോഗ്. സീറോ-എമിഷൻ ട്രക്കുകൾ സ്വീകരിക്കുന്നതിനുള്ള നൂതന ബിസിനസ്സ് മോഡലുകൾ വളർത്തിയെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഇലക്ട്രിക് ട്രക്കുകൾ സ്വീകരിക്കുന്നതിലെ സാമ്പത്തികവും സാങ്കേതികവും പ്രവർത്തനപരവുമായ വെല്ലുവിളികളെ നേരിട്ടുകൊണ്ട് നൂതന ബിസിനസ്സ് മോഡലുകൾ വികസിപ്പിക്കാൻ വിദ്യാർത്ഥികൾ, അക്കാദമിക് വിദഗ്ധർ, ഗവേഷകർ എന്നിവർക്ക് പദ്ധതിയിലേക്ക് ക്ഷണമുണ്ട്.

*************************************************

## HEADLINE-4
## GEORGE KURIAN

മത്സ്യബന്ധന മേഖലയിലെ വികസനത്തിന് സംസ്ഥാന സർക്കാരുമായി ചേർന്ന്പദ്ധതികൾ നടപ്പാക്കുമെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ. കോഴിക്കോട് പുതിയാപ്പയിൽ മത്സ്യ പ്രവർത്തക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നേരത്തെ, ബി ജെ പി കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ശ്രീ ജോർജ് കുര്യന് സ്വീകരണം നൽകി.

*************************************************

## HEADLINE-5
## RAIN - KERALA

കേരളത്തിൽ കാലവർഷം വീണ്ടും ശക്തി പ്രാപിക്കുന്നു. അതി തീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ നാളെ മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് അലർട്ടും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ മഞ്ഞ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. മഴ ശക്തമാകുന്ന സാഹചര്യത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ അങ്കണവാടികൾ, പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. കാസർഗോഡ് ജില്ലയിലെ കോളേജുകൾ ഒഴികെ സ്കൂളുകൾ, അംഗണവാടികൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധിയായിരിക്കും. മുൻ

നിശ്ചയപ്രകാരമുള്ള പരീക്ഷകൾക്ക് മാറ്റമില്ല. ¬കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

************************************************

## BIRLA- INDIAN DIASPORA

പ്രവാസികൾ രാജ്യത്തിൻ്റെ വികസനത്തിലും നവീകരണത്തിലും അവിഭാജ്യ പങ്കാളികളാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. റഷ്യയിലെ മോസ്കോയിൽ ഇന്ത്യൻ പ്രവാസികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. തങ്ങളുടെ പ്രവർത്തനങ്ങളിലൂടെയും സംഭാവനകളിലൂടെയും റഷ്യയിൽ ഇന്ത്യയുടെ പ്രതിച്ഛായ രൂപപ്പെടുത്തുന്ന പ്രവാസികളുടെ പങ്കിനെ ലോക്സഭാ സ്പീക്കർ അഭിനന്ദിച്ചു. വെല്ലുവിളികളുടെ സമയങ്ങളിൽ ഇരു രാജ്യങ്ങളും പരസ്പരം പിന്തുണച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ പ്രവാസികളോട് ആഹ്വാനം ചെയ്തു.

************************************************

## DELHI MARATHON

പാരിസ് ഒളിമ്പിക്സിന് മുന്നോടിയായി സംഘടിപ്പിച്ച ഇന്ത്യാ - മാരത്തൺ, കേന്ദ്ര മന്ത്രി ഗിരിരാജ് സിങ്ങും മനോജ് തിവാരി എം പിയും ചേർന്ന് ഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഫ്ലാഗ് ഓഫ് ചെയ്തു. പഠനത്തോടൊപ്പം കായിക ഇനങ്ങളിൽ പങ്കെടുക്കുന്നതിനും കുട്ടികളെ മാതാപിതാക്കൾ പ്രോത്സിഹിപ്പിക്കണമെന്ന് ശ്രീ ഗിരിരാജ് സിങ്ങ് പറഞ്ഞു. ഈ മാസം 26 നാണ് പാരിസ് ഒളിമ്പിക്സിന് തുടക്കം.

************************************************

## HEADLINE-6
## CRICKET

ടി-20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ സിംബാബ്‌വെയ്ക്ക് 168 റൺ വിജയലക്ഷ്യം. ടോസ് നേടിയ സിംബാബ്‌വെ ഇന്ത്യയെ ബാറ്റിംഗിനയക്കുകയായിരുന്നു. നിശ്ചിത ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ 167 റൺസെടുത്തു. സിംബാബ്‌വയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു.

***********************************************

## EURO CUP

യൂറോ കപ്പ് ഫൈനലിൽ ഇന്ന് സ്പെയിൻ ഇംഗ്ലണ്ടിനെ നേരിടും. രാത്രി 12 .30 നു ബെർലിനിലെ ഒളിംപിയ സ്റ്റേഡിയത്തിലാണ് മത്സരം. ഇരു രാജ്യങ്ങളും തമ്മിൽ രാജ്യാന്തര ഫുട്ബോളിൽ ഏറ്റുമുട്ടിയത് 27 തവണയാണ്. ഇതിൽ പതിനാലു തവണയും വിജയം ഇംഗ്ലണ്ടിനൊപ്പം ആയിരുന്നു.

***********************************************

## HEADLINE-6A
## COPA AMERICA (INTRO)

കോപ്പാ അമേരിക്കാ ഫുട്ബോൾ ഫൈനൽ മത്സരം നാളെ പുലർച്ചെ 5.30 ന്. മയാമിയിലെ ഹാർഡ്റോക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

**വിശദാംശങ്ങളിലേക്ക്...**

(വോയിസ്)

*ആവേശത്തോടെ കാത്തിരിക്കുന്ന കോപാ അമേരിക്ക ടൂർണമെൻറിലെയും വിജയികളെ അറിയാൻ ഇനി മണിക്കൂറുകളുടെ ദൈർഘ്യം മാത്രം.നിലവിലെ ചാംപ്യൻമാരായ അർജൻറീനയും കൊളംബിയയും തമ്മിലാണ് കലാശ പോരിനിറങ്ങുന്നത്. ഗ്രൂപ്പ്ഘട്ടം മുതൽ ഒരു മത്സരത്തിലും തോൽക്കാതെയാണ് അർജൻറീനയുടെ വരവ്. അതേസമയം ചരിത്രത്തിൽ ഒരു തവണമാത്രം കോപാ അമേരിക്ക*

*ചാംപ്യൻമാരായ കൊളംബിയ രണ്ടാം കിരീടം ലക്ഷ്യമിട്ടാണ് കളത്തിലറിങ്ങുന്നത്. 2001-ലായിരുന്നു കൊളംബിയയുടെ ആദ്യ കിരീട നേട്ടം.16-ാം കോപാ അമേരിക്ക കിരീടം തേടിയിറങ്ങുന്ന അർജൻറീനൻ ടീം ശക്തമായ നിലയിലാണ്. അതിനാൽ കൊളംബിയക്കെതിരേ തീ പാറുന്ന മത്സരം പ്രതീക്ഷിക്കാം.*

**ന്യൂസ് ഡെസ്ക്ക് ആകാശവാണി....**

**************************************************

## PM - TRUMP ATTACK

അമേരിക്കൻ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരായ ആക്രമണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അഗാധമായ ഉത്കണ്ഠ രേഖപ്പെടുത്തി. സംഭവത്തെ ശക്തമായി അപലപിക്കുന്നതായി ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. രാഷ്ട്രീയത്തിലും ജനാധിപത്യത്തിലും അക്രമത്തിന് സ്ഥാനമില്ലെന്നും അദ്ദേഹം പറഞ്ഞു.

**************************************************

## TRUMP ATTACK-WORLD LEADER

പടിഞ്ഞാറൻ പെൻസിൽവാനിയയിൽ, തിരഞ്ഞെടുപ്പ് റാലിയ്ക്കിടെ മുൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരെ ഉണ്ടായ ആക്രമണത്തെ വിവിധ ലോക നേതാക്കൾ അപലപിച്ചു. യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്, അമേരിക്കൻ വൈസ് പ്രസിഡന്റ് കമല ഹാരിസ്, യുകെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ, .ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു, കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ജപ്പാൻ പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദ തുടങ്ങിയവർ ആക്രമണത്തെ ശക്തമായി അപലപിച്ചു.

**************************************************

## NEPAL - PM

നേപ്പാളിന്റെ പുതിയ പ്രധാനമന്ത്രിയായി കെ പി ശർമ്മ ഒലി നിയമിതനായി. മൂന്നാം തവണയാണ് അദ്ദേഹം നേപ്പാളിന്റെ പ്രധാന മന്ത്രിയായി നിയമിതനാകുന്നത്. വെള്ളിയാഴ്ച നടന്ന വിശ്വാസവോട്ടിൽ പുഷ്പ കമാൽ ദഹൽ പ്രചണ്ഡ സർക്കാർ പരാജയപ്പെട്ടതിനെ തുടർന്നാണ് ഒലി അധ്യക്ഷനായുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് നേപ്പാൾ യൂണിഫൈഡ് മാർക്സിസ്റ്റ് ലെനിനിസ്റ്റ് (സിപിഎൻ–യുഎംഎൽ) നേപ്പാളി കോൺഗ്രസ് സഖ്യം അധികാരത്തിൽ വരുന്നത്.

**************************************************

## AMAYIZHANCHAN - TVPM

തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ കാണാതായ ജോയിക്കായി തിരച്ചിൽ തുടരുന്നു. നാവിക സേനാ സംഘവും രക്ഷാ ദൗത്യത്തിൽ പങ്കാളികളാകും. നാവിക സേനയുടെ അതിവിദഗ്ധരായ ഡൈവിംഗ് സംഘം വൈകാതെ എത്തുമെന്ന് റവന്യൂ മന്ത്രി കെ രാജൻ അറിയിച്ചു.

**************************************************

## PACKED FOOD AMENDMENT

പാക്ക് ചെയ്ത സാധനങ്ങൾക്ക് ഏകരൂപം നൽകുന്നതിനായി 2011-ലെ ലീഗൽ മെട്രോളജി packaged commodities ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉപഭോക്തൃകാര്യ വകുപ്പ് നിർദ്ദേശം നൽകി. ഓഫ്ലൈൻ, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ചില്ലറ വിൽപ്പന ചെയ്യാൻ ഉദ്ദേശിക്കുന്ന പാക്കേജുകളിൽ സാധനങ്ങളെ സംബന്ധിച്ച എല്ലാ വിവരങ്ങളും നിർബന്ധമായും ഉണ്ടാവണമെന്നും നിർദ്ദേശമുണ്ട്. പാക്ക് ചെയ്ത ഉൽപ്പന്നങ്ങൾക്ക് ഏകീകൃത മാനദണ്ഡം പ്രോത്സാഹിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് കൃത്യമായ വിവരം ലഭിക്കുന്നതിനും ഭേദഗതി സഹായിക്കുമെന്ന്

ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം അറിയിച്ചു. അതേസമയം വ്യാവസായിക ഉപഭോക്താക്കൾക്കോ സ്ഥാപന ഉപഭോക്താക്കൾക്കോ വേണ്ടിയുള്ള പാക്ക് ചെയ്ത സാധനങ്ങൾക്ക് പുതിയ നിയമങ്ങൾ ബാധകമല്ല.

*

***********************

***********************************************************